10.03.2020

14/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2228*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *14791/എസ്.ഐ.സി-ജി 6/13*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ.ബിജു മുളകുപാടം<br>സെക്രട്ടറി,<br>കണ്ണവട്ട ചേരിക്കൽ, മുളകുപാടം പാടശേഖരസമിതി<br>ഐ.ഇ.നഗർ പി.ഒ, ചങ്ങനാശ്ശേരി** | **പരാതി ഹർജിക്കാരൻ** |

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
ഡയറേക്ടറേറ്റ് ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്
വഞ്ചിയൂർ, തിരുവനന്തപുരം**
2. **അപ്പീൽ അധികാരി ആന്റ് ഡയറക്ടർ
ഡയറേക്ടറേറ്റ് ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്
വഞ്ചിയൂർ, തിരുവനന്തപുരം**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ മറുപടിയിൽ മുഴുവൻ വിവരവും രേഖയും ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

*2.* എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ വിശദികരണം തേടുന്നതിനായി കമ്മീഷൻ ഓഫീസ് തിരുവനന്തപുരത്ത് വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ എസ്.പി.ഐ.ഒയ്ക്ക് നോട്ടീസ് നൽകുകയും ടിയാൻ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. 17.12.2018 ന് സമർപ്പിച്ച റിപ്പോർട്ടിൽ, 15.05.2013 ന്



res

ഹർജിക്കാരൻ നൽകിയ അപേക്ഷ 17.05.2013 ന് ലഭിച്ചുവെന്നും, ആയതിന് 06.06.2013 ന് മറുപടി നൽകിയെന്നും, ടി മറുപടി തൃപ്തിയല്ലാത്തതിനെ ത്തുടർന്ന് 14.06.2013 ന് അപ്പീൽ സമർപ്പിച്ചുവെന്നും, 19.07.2013 ൽ അപ്പീൽ അധികാരി നൽകിയ മറുപടിയിൽ 1–ാമത്തെ ചോദ്യത്തിന് മറുപടി നൽകിയെന്നും, മറ്റ് ചോദ്യങ്ങൾക്കുള്ള മറുപടിക്കായി 1 മാസത്തെ സാവകാശം നൽകണമെന്ന് ആവശ്യപ്പെട്ടുവെന്നുമാണ്. എന്നാൽ അപ്പീൽ ഫയൽ പരിശോധിച്ചതിൽ 2–ാമത്തെ ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ള വിജിലൻസിൽ നൽകിയ പരാതി സംബന്ധിച്ച ഫയൽ കണ്ടെത്തിയില്ലെന്നും, തുടർന്ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിൽ സൂചിപ്പിച്ച 2 ഹർജികളെക്കുറിച്ചും അന്വേഷണം നടത്തിയതിൽ AP 1110(7)/2011/SIC നമ്പർ ഫയൽ റെക്കോർഡ് സെക്ഷനിൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും, AP 315(7)/2011/SIC നമ്പർ ഫയൽ പരിശോധിച്ചതിൽ ടി വിഷയവുമായി ബന്ധപ്പെട്ടതല്ലെന്നും, 3 മത്തെ ചോദ്യത്തിന് മറുപടിക്കായി, കോട്ടയം ഓഫിസിൽ ബന്ധപ്പെട്ടെങ്കിലും അപ്രകാരം ഒരു ഫയലും കണ്ടെത്താനായില്ലെന്നാണ് അറിഞ്ഞതെന്നുമാണ്. ഒരു മാസത്തെ സാവകാശം അപ്പീൽ അധികാരി ആവശ്യപ്പെട്ടത് അറിവില്ലായ്മ കൊണ്ടാണെന്ന് കരുതി ക്ഷമിക്കണമെന്നും മറ്റുമാണ്.

3. അപ്പീൽ ഹർജിയും, എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ ലഭ്യമായ വിവരങ്ങൾ എല്ലാം തന്നെ സമയബന്ധിതമായി നൽകിയതായി ബോധ്യപ്പെട്ടതിനാലും, ഫയലുകൾ കണ്ടെത്തുന്നതിലേയ്ക്കായി വിശദമായ അന്വേഷണം നടത്തിയ വിവരങ്ങൾ വിശദീകരിച്ചതിനാലും ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res